സ്റ്റേഷനുകളുടെ ജില്ല തിരിച്ചുള്ള കണക്ക് അനുബന്ധമായി ചേർത്തിരിക്കുന്നു.†

(സി) സംസ്ഥാനത്തെ എല്ലാ പോലീസ് സ്റ്റേഷനുകളിലും എട്ട് മണിക്കൂർ ജോലി സമ്പ്രദായം നടപ്പാക്കുന്നതു സംബന്ധിച്ച വിഷയം സർക്കാർ പരിശോധിച്ചുവരുന്നു.

61 (2371) പോലീസ് കോൺസ്റ്റബിൾമാരുടെ ട്രെയിനിംഗ് കാലത്തെ സ്റ്റൈപെന്റ്

ശ്രീ. തീരുവഞ്ചൂർ രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുതിയതായി തെരഞ്ഞെടുക്കപ്പെടുന്ന ആംഡ് പോലീസ് ബറ്റാലിയനിലെ പോലീസ് കോൺസ്റ്റബിൾമാരുടെ ട്രെയിനിംഗ്കാലത്തെ സ്റ്റൈപെന്റ് എത്ര രൂപയാണ്;

(ബി) ഇപ്പോൾ നിലവിലുള്ള സ്റ്റൈപെന്റ് എന്നുമുതലാണ് അനുവദിച്ചിട്ടുള്ളത്;

(സി) നേരത്തെ ഇത് എത്ര രൂപയായിരുന്നു;

(ഡി) 1-3-1997-നുശേഷം പഴയ നിരക്കിലുള്ള സ്റ്റൈപെന്റോടുകൂടി ട്രെയിനിംഗ് പൂർത്തിയാക്കിയ പോലീസ് കോൺസ്റ്റബിൾമാർക്ക് സ്റ്റൈപെന്റ് കുടിശ്ശികയ്ക്ക് അർഹതയുണ്ടോ;

(ഇ) ഉണ്ടെങ്കിൽ അത് വിതരണം ചെയ്യുന്നതിന് ബന്ധപ്പെട്ട അധികാരികൾക്ക് നിർദ്ദേശം കൊടുക്കുമോ?

ഉത്തരം

(എ) 3050/- രൂപ.

(ബി) 1-3-97 മുതൽ.

(സി) 950/- രൂപ.

(ഡി) അർഹതയുണ്ട്.

(ഇ) സ്റ്റൈപെന്റ് കുടിശ്ശിക നൽകുവാൻ വേണ്ട നിടപടി സ്വീകരിച്ചു വരുന്നു.

62 (2372) പോലീസ് കോൺസ്റ്റബിൾമാരുടെ യൂണിഫോം അലവൻസ്

ശ്രീ. ബി. വിജയകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 25-11-1998-ലെ ശമ്പളപരിഷ്കരണ ഉത്തരവുപ്രകാരം സംസ്ഥാനത്തെ പോലീസ് കോൺസ്റ്റബിൾമാർക്ക് നൽകിവരുന്ന യൂണിഫോം അലവൻസ് എത്രയാണ്;

(ബി) സംസ്ഥാന പോലീസ് ക്യാമ്പിലെ ക്യാമ്പ് ഫോളോവർമാർക്ക് യൂണിഫോം അലവൻസ് നൽകുന്നുണ്ടോ; എങ്കിൽ എത്രയാണ്;

---

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(സി) പോലീസുകാർക്കും ക്യാമ്പ് ഫോളോവർമാർക്കും യൂണിഫോം അലവൻസ് നൽകുന്നതിൽ അന്തരമുണ്ടോ;

(ഡി) ഉണ്ടെങ്കിൽ രണ്ടു വിഭാഗത്തിനും ഒരേപോലെ യൂണിഫോം അലവൻസ് നൽകുന്നകാര്യം സർക്കാർ പരിഗണിക്കുമോ?

ഉത്തരം

(എ) പ്രതിവർഷം 750/- രൂപ.

(ബി) ഉണ്ട്. പ്രതിവർഷം 300/- രൂപ.

(സി) ഉണ്ട്.

(ഡി) ഇപ്പോൾ പരിഗണനയിലില്ല.

63 (2373) പോലീസ് സർക്കിളുകൾ ആരംഭിക്കുവാൻ നടപടി

ശ്രീ. ടി. നാണു മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എത്ര പോലീസ് സർക്കിളുകൾ നിലവിലുണ്ട്;

(ബി) പുതിയതായി പോലീസ് സർക്കിളുകൾ ആരംഭിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(സി) ഉണ്ടെങ്കിൽ അവ ഏതെല്ലാമെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) സംസ്ഥാനത്ത് 166 പോലീസ് സർക്കിളുകൾ നിലവിലുണ്ട്.

(ബി)&(സി) ഇപ്പോൾ പരിഗണനയിലില്ല.

64 (2374) മനോജിന്റെ സംശയാസ്പദമായ സാഹചര്യത്തിലെ മരണം

ശ്രീ. പി.പി. സുലൈമാൻ റാവുത്തർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെടുങ്കണ്ടം പോലീസ് സ്റ്റേഷനതിർത്തിയിൽപ്പെട്ട നാൽപ്പതേക്കർ ഭാഗത്ത് 17-12-99-ൽ മനോജ് എന്ന യുവാവ് സംശയാസ്പദമായ സാഹചര്യത്തിൽ മരണപ്പെട്ടതായി കണ്ടെത്തിയ സംഭവം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത യുവാവിന്റെ മൃതശരീരം പോസ്റ്റുമോർട്ടം നടത്തിയത് ഏത് ആശുപത്രിയിലാണെന്നും പോസ്റ്റുമോർട്ടം റിപ്പോർട്ട് പ്രകാരം മരണകാരണം എന്താണെന്നും വ്യക്തമാക്കുമോ;

(സി) പ്രസ്തുത യുവാവിന്റെ മരണം കൊലപാതകമാണെന്നും അന്വേഷണം ക്രൈം ബ്രാഞ്ചിനെ ഏൽപ്പിക്കണമെന്നുമുള്ള ആവശ്യം പരിഗണിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

LIBRARY ARCHIVES Kerala Legislative Assembly